## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത | 31.10.2011 ൽ
ചോദ്യം നംപർ. T. 6428 | മറുപടിക്ക്

## കയർ-കശുവണ്ടി മേഖലയിലെ ആനുകൂല്യങ്ങൾ

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി.സി. ജോർജ് :
"തോമസ് ഉണ്ണിയാടൻ:

ഉത്തരം

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കയർ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഷ്കരിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (എ) | കയർ തൊഴിലാളി പെൻഷൻ 01/04/2011 മുതൽ 300 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി എന്നിവ പ്രകാരമുള്ള പെൻഷനുകളാണ് നൽകി വരുന്നത്. ഇത് പരിഷ്കരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് തീരുമാനിക്കുന്നത്. |
| (ബി) | കയർ-കശുവണ്ടി ഫാക്ടറികളുടെ ഭൗതിക സൗകര്യങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ പരിഷ്കരിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ? | (ബി) | കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി യോഗ്യമായ അപേക്ഷകൾക്കെല്ലാം അടിസ്ഥാനസൗകര്യ വികസന പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്ന പദ്ധതി കയർ വികസ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>കെ.എസ്.സി.ഡി.സി. ഫാക്ടറികളിലെ ഭൗതിക സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാക്ടറി ഷെഡുകളുടെ നവീകരണം, ഇലക്ട്രിക്ക് ബോർമ്മാ സ്ഥാപനം, ഫ്ലക്സി പാക്കിംഗ് സിസ്റ്റം, തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ |

.....2

മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ, ഉല്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണം എന്നീ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2 ഫാക്ടറികൾ ISO നിലവാരത്തിലുള്ളതായി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

കാപെക്സിന്റെ ഫാക്ടറികളിലെ ഭൗതിക സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സഹായത്തോടുകൂടി ദ്രുതഗതിയിൽ ഫാക്ടറികളിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ